**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ആന്തൂർ നഗരസഭയുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് നിർദ്ദേശങ്ങൾ സംബന്ധിച്ച് - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ. (സാധാ) നം.1319/2016/തസ്വഭവ. തീയതി, തിരുവനന്തപുരം,23/03/2016.

പരാമർശം :- 1. 04.02.2016 തീയതിയിൽ ചേർന്ന യോഗ തീരുമാനം.

2. 17.03.2016 തീയതിയിലെ സ.ഉ.(സാധാ.) നം.1256/2016/ത.സ്വ.ഭ.വ.

**ഉത്തരവ്**

തളിപ്പറമ്പ് നഗരസഭ വിഭജിച്ച് പുതുതായി രൂപീകരിച്ച ആന്തൂർ നഗരസഭയുടെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് രണ്ടാം പരാമർശിത ഉത്തരവ് പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ഇതു കൂടാതെ തളിപ്പറമ്പ് നഗരസഭയ്ക്ക് 31.10.2015 അപരാഹ്നത്തിൽ വിവിധ ബാങ്കുകളിലും ട്രഷറികളിലും നിലവിൽ ബാക്കി ഉണ്ടായിരുന്ന സ്വന്തം ഫണ്ട് എത്രയെന്ന് കണക്കാക്കി ടി തുകയിൽ നിന്നും തളിപ്പറമ്പ് നഗരസഭയ്ക്കും ആന്തൂർ നഗരസഭയ്ക്കും ജനസംഖ്യാനുപാതത്തിൽ അർഹമായ തുക കണക്കാക്കി ആന്തൂർ നഗരസഭയ്ക്ക് നൽകുന്നതിന് സർക്കാരിലേക്ക് നിർദ്ദേശം സമർപ്പിക്കുന്നതിനും ആന്തൂർ നഗരസഭാ പരിധിയിൽ വാടകയ്ക്ക് കൊടുത്തിട്ടുള്ള കെട്ടിടങ്ങളുടേയും സ്ഥാപനങ്ങളുടെയും മറ്റും ഡെപ്പോസിറ്റ് ഇനത്തിൽ തളിപ്പറമ്പ് നഗരസഭയുടെ കൈവശമുള്ള തുക ആന്തൂർ നഗരസഭയ്ക്ക് 01.11.2015 പ്രാബല്യത്തിൽ എത്ര തുകയ്ക്ക് അർഹതയുണ്ടെന്ന് കണക്കാക്കി സർക്കാരിലേക്ക് റിപ്പോർട്ട് നൽകുന്നതിനും കോഴിക്കോട് നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

2. രണ്ടാം പരാമർശിത ഉത്തരവ് മേൽ പരാമർശിച്ച ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എ.പി.എം.മുഹമ്മദ് ഹനീഷ് ഐ.എ.എസ്.**

**സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.

നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ, കോഴിക്കോട്.

സെക്രട്ടറി, തളിപ്പറമ്പ്/ ആന്തൂർ നഗരസഭ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.